'ഭരണഭാഷ-മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - വികസന ഫണ്ട് - (പൊതു വിഭാഗം) - കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് - 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താവിന് നൽകിയതും ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.5449/2025/ധന തീയതി, തിരുവനന്തപുരം, 27-06-2025

---

പരാമർശം : 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09/01/2025 തീയതിയിലെ LSGD/PD/40845/2024-DPLA1 നം. കത്ത്

2. തിരുവമ്പാടി സബ്‌ട്രഷറി ഓഫീസറുടെ 23/09/2024 തീയതിയിലെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനുമായ " എസ്.എസ്.കെ പ്രോജക്ടുകൾക്ക് വിഹിതം നൽകൽ " ( പ്രോജക്ട് നമ്പർ 9/24) എന്ന പദ്ധതിയുടെ ഭാഗമായി എസ്.എസ്.കെ യുടെ അക്കൗണ്ടിലേക്ക് സമർപ്പിച്ചതും ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തിയതിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹5,00,000/- രൂപ പുനരനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ തുടർനടപടികൾക്കായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (2)

പ്രകാരം തിരുവമ്പാടി സബ് ട്രഷറി ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും പരാമർശം (3) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് 2023–24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ' പ്രോജക്ട് നമ്പർ 9/2024' പ്രകാരം എസ്.എസ്.കെ യുടെ അക്കൗണ്ടിലേക്ക് ലഭിക്കേണ്ടതും എന്നാൽ ബാങ്ക് അക്കൗണ്ടിലെ അപാകത മൂലം ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേയ്ക്ക് തിരികെ പോയതുമായ ₹5,00,000/- (അഞ്ച് ലക്ഷം രൂപ മാത്രം) '3604-00-200-81-05-35-00-NV' എന്ന ശീർഷകത്തിൽ നിന്നും കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് (G111002) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക ബന്ധപ്പെട്ട സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടിയന്തരമായി കൈമാറേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്–I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്–II), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രസിഡന്റ് /സെക്രട്ടറി, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ–ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ– 3068750)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ